**വെച്ചൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം**

നമ്പർ: 3672167-2025
തീയതി: 03/08/2026

**കിട്ടേഷൻ പരസ്യം**

വെച്ചൂർ ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ പരിധിയിൽ വരുന്ന അംബികാ മാർക്കറ്റ് അംഗനവാടി കെട്ടിടത്തോട് ചേർന്ന് നിൽക്കുന്ന തേക്ക് , ആഞ്ഞിലി എന്നീ മരങ്ങൾ ലേലം ചെയ്തു വിൽക്കുന്നതിനായി മൂന്ന് തവണ പരസ്യ ലേലം നടത്തിയിട്ടും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ, പ്രസ്തുത തടികൾ നിലവിലെ പ്രാദേശിക നിരക്ക് (Local Rate) അടിസ്ഥാനമാക്കി ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തി വാങ്ങാൻ തയ്യാറുള്ള വ്യക്തികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച കവറുകളിൽ കിട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

- കിട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും: 13/08/2026 ഉച്ചയ്ക്ക് 03:00 മണി വരെ.
- കിട്ടേഷൻ തുറക്കുന്ന തീയതിയും സമയവും: 14/08/2026 വൈകുന്നേരം 03:30 മണി.

**നിബന്ധനകൾ:**

1. കിട്ടേഷൻ സമർപ്പിക്കുന്ന കവറിനു മുകളിൽ "മരം പ്രാദേശിക നിരക്കിൽ വാങ്ങുന്നതിനുള്ള കിട്ടേഷൻ" എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
2. കിട്ടേഷനോടൊപ്പം നിരതദ്രവ്യമായി (EMD) **500 രൂപ** (അക്ഷരത്തിൽ:അഞ്ഞൂറ് രൂപ) പഞ്ചായത്ത് ഓഫീസിൽ ഒടുക്കിയ രസീതോ അല്ലെങ്കിൽ വെച്ചൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റോ ഉള്ളടക്കം ചെയ്തിരിക്കണം.
3. നിരതദ്രവ്യം അടയ്ക്കാത്തതും വൈകി ലഭിക്കുന്നതുമായ കിട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
4. കിട്ടേഷനിൽ കൂടുതൽ തുക രേഖപ്പെടുത്തിയ ആളുടെ പേരിൽ ലേലം താത്കാലികമായി ഉറപ്പിക്കുന്നതും ലേലതുകയുടെ പകുതി അപ്പോൾ തന്നെ പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്.
5. കിട്ടേഷൻ അംഗീകരിക്കുന്നത് പഞ്ചായത്ത് ഭരണസമിതിയുടെയും തീരുമാനത്തിനും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ അംഗീകാരത്തിനും വിധേയമായിട്ടായിരിക്കും.
6. കിട്ടേഷൻ അംഗീകരിക്കപ്പെടുന്ന വ്യക്തി/സ്ഥാപനം, തുക പൂർണ്ണമായി ഒടുക്കി സർക്കാർ നിബന്ധന പ്രകാരമുള്ള ജി.എസ്.ടി (GST),

വനവികസന നികുതി (FDT) എന്നിവയും ചേർത്തുള്ള ആകെ തുക 7 ദിവസത്തിനകം പഞ്ചായത്ത് ഓഫീസിൽ അടയ്ക്കേണ്ടതാണ്.

7. കട്ടേഷൻ സ്ഥിരപ്പെടുത്തി അംഗീകരിച്ച് അറിയിപ്പ് ലഭിച്ചാൽ 7 ദിവസത്തിനകം നിശ്ചിത തുകയുള്ള മുദ്രപത്രത്തിൽ പഞ്ചായത്തുമായി കരാർ വക്കേണ്ടതും ആയത് പ്രകാരം മരങ്ങൾ മുറിച്ച്നീക്കി തടി ഏറ്റെടുക്കേണ്ടതുമാണ്.
8. ഏതൊരു കട്ടേഷനും കാരണങ്ങൾ ഒന്നും തന്നെ ബോധിപ്പിക്കാതെ നിരസിക്കുന്നതിനുള്ള പൂർണ്ണ അധികാരം വെച്ചൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.
9. മരങ്ങളെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ വെച്ചൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് അറിയാവുന്നതാണ്.

Office of the Vechoor Grama Panchayat P.O Kudavechoor

സെക്രട്ടറി
വെച്ചൂർ ഗ്രാമപഞ്ചായത്ത്

Secretary
Vechoor Grama Panchayat
Kottayam-686144, Kerala State, India
Ph: 04829-275124

പകർപ്പ്:

1. നോട്ടീസ് ബോർഡ് (ഗ്രാമപഞ്ചായത്ത് ഓഫീസ്)
2. വില്ലേജ് ഓഫീസ്, വെച്ചൂർ
3. കൃഷിഭവൻ, വെച്ചൂർ
4. പഞ്ചായത്ത് വെബ്സൈറ്റ്